**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.362 16.03.2017 ന് മറുപടിയ്ക്ക്.

## വനാതിർത്തി സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.ബി.ഡി.ദേവസ്സി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ)ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യജീവി ശല്യം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനാതിർത്തികളിൽ മതിൽ, ജൈവ/സൗരോർജ്ജ വേലികൾ, കിടങ്ങുകൾ മുതലായവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ വനാതിർത്തി വേർതിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) കേരളത്തിലെ വനാതിർത്തികളിൽ സർവ്വേ ജണ്ട നിർമ്മിച്ചാണ് സ്വകാര്യഭൂമിയിൽ നിന്നും വേർതിരിക്കുന്നത്. ഇത്തരത്തിൽ സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം, ജണ്ട സ്ഥാപിക്കേണ്ട സ്ഥലം എന്നീ വിവരങ്ങൾ റെയിഞ്ച്/ഡിവിഷൻ തലങ്ങളിൽ നിർണ്ണയിച്ച് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വനാതിർത്തി വേർതിരിക്കുന്നതിനായി 2016-17 വർഷാരംഭത്തിൽ 53,000-ത്തോളം ജണ്ടകൾ സ്ഥാപിക്കേണ്ടതായി കണക്കാക്കിയിട്ടുണ്ട്.<br>വനാതിർത്തി പൂർണ്ണമായും ജണ്ട സ്ഥാപിച്ച് വേർതിരിക്കുന്നതിലേക്കായി ആവശ്യമായ ജണ്ട നിർമ്മാണം, വർഷം തിരിച്ച് സ്ഥാപിക്കേണ്ട |

ജണ്ടകളുടെ എണ്ണം നിശ്ചയിച്ച് തുടർ നടപടി റെയിഞ്ച്/ഡിവിഷൻ തലങ്ങളിൽ സ്വീകരിച്ചു വരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി 120 വനം വകുപ്പുദ്യോഗസ്ഥർക്ക് മൂന്നു മാസത്തെ സർവ്വേ പരിശീലനം നൽകി ഇവരുടെ സേവനം ഉപയോഗിച്ചു വരുന്നുണ്ട്. ഈ പ്രവർത്തിക്ക് അർഹമായ ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്.

ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് എന്ന പ്രത്യേക മോഡ്യൂൾ തയ്യാറാക്കി സർക്കിൾ, ഹെഡ് ക്വാർട്ടേഴ്സ്, സർക്കാർ തലത്തിൽ പ്രതിമാസ അവലോകനം നടത്തി വരുന്നു.

| | |
|---|---|
| (സി) ജണ്ടകൾ സ്ഥാപിച്ച് അതിരുകൾ കൃത്യമായി വേർതിരിച്ച് മുഴുവൻ വന പ്രദേശങ്ങളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ജണ്ടകൾ സ്ഥാപിച്ച് അതിരുകൾ വേർതിരിച്ച് വന പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ